സഹായങ്ങൾ ഗവൺമെന്റ് ചെയ്യുമെന്ന് പറഞ്ഞു. സ്വകാര്യമേഖലയ്ക്ക് കൂടി ഹൈടെക് ക്ഷീരോല്പാദനം നടത്തുന്നതിനുവേണ്ടിയുള്ള സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട പി. ജയരാജൻ പറഞ്ഞത് ശരിയാണ്. എൻ.ആർ.ഐ.-ക്കാരായ ധാരാളം ചെറുപ്പക്കാർ ഹൈടെക് ഡയറി തുടങ്ങാൻ വേണ്ടി ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. നാലോ അഞ്ചോ പ്രോജക്ടുകൾ ഇപ്പോൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവർ ആകെ ഡിമാന്റ് ചെയ്യുന്നത് സ്ഥലം മാത്രമാണ്. സ്ഥലത്തിന്റെ കാര്യത്തിലാണ് കേരളത്തിൽ നമുക്ക് വളരെ പ്രയാസമുള്ളത്. ഏതായാലും അവരെ പ്രോത്സാഹിപ്പിക്കും. അതിനാവശ്യമായ സഹായം ചെയ്തുകൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, മുട്ട, ഇറച്ചി തുടങ്ങിയ കാര്യങ്ങളെ പറ്റി പറയുമ്പോൾ സാധാരണയായി കോഴിമുട്ടയിലേക്ക് നമ്മൾ പരിമിതപ്പെടുകയാണ്. കോഴിയിറച്ചിയും കോഴിമുട്ടയും കഴിക്കാൻ ബുദ്ധിമുട്ടുള്ള, പുറത്തു പറയാൻ ഇഷ്ടപ്പെടാത്ത അസുഖമുള്ള പല ആളുകളുമുണ്ട്. അവർക്ക് നമ്മുടെ നാട്ടിൽ വളരെ ലഭ്യമാവുന്ന ഒരു ഇറച്ചിയാണ് താറാവിറച്ചി. പക്ഷേ താറാവ് കൃഷി ഇന്ന് അധോഗതിയിലാണ്. താറാവുമുട്ടയുടെ ഉല്പാദനം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, താറാവുകൃഷി കൂടുതൽ വിപുലമാക്കാൻ എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട അങ്ങയുടെ ജില്ലയിൽ അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നിരണത്ത് താറാവുകളെ വളർത്തി മുട്ട ഉല്പാദിപ്പിച്ച് താറാവുകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഒരു സ്ഥലമുണ്ട്. അത് വ്യാപകമായി കുട്ടനാട്ടിൽ നമ്മൾ പ്രചരിപ്പിക്കുന്നുണ്ട്. പക്ഷേ എപ്പോഴും വെള്ളവും ചെളിയുമൊക്കെയുള്ള സ്ഥലത്തു മാത്രമേ താറാവിനെ വളർത്താൻ പറ്റൂ. അതിന്റെയൊരു ബുദ്ധിമുട്ടുണ്ട്.താറാവുല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കഴിയുന്നത്ര ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

സ്മാർട്ട് സിറ്റി സംബന്ധിച്ച തർക്കങ്ങൾ

2*(152) <u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>
<u>ശ്രീ. പി. സി. ജോർജ്</u>
<u>ശ്രീ. റോഷി അഗസ്റ്റിൻ</u>
<u>ശ്രീ. തോമസ് ചാഴികാടൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിക്ക് എന്നാണ് തുടക്കം കുറിച്ചത്;

(ബി) ഏത് സർക്കാരാണ് പ്രസ്തുത പദ്ധതി ആദ്യമായി മുന്നോട്ടു വച്ചത്;

(സി) ആകെ എത്ര ഏക്കർ ഭൂമിയാണ് ഇതിനായി എടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാരും ടീകോമുമായുള്ള പ്രധാന തർക്കങ്ങൾ എന്തൊക്കെയാണ്;

(ഇ) തർക്കങ്ങൾ എല്ലാം പരിഹരിച്ച് കഴിഞ്ഞോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) സ്മാർട്ട് സിറ്റി പദ്ധതി ഇത്രയും വർഷം നീണ്ടു പോകാൻ കാരണം എന്താണ്; ഇതിന്റെ ഉത്തരവാദികൾ ആരെന്ന് വിശദമാക്കുമോ;

(ജി) സർക്കാരും ടീകോമുമായി നാളിതുവരെയുള്ള തർക്കം തീർക്കുവാൻ ഏതെങ്കിലും മദ്ധ്യസ്ഥർ ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ ആരാണെന്ന് വ്യക്തമാക്കുമോ;

(എച്ച്) ടീകോമിന് പ്രസ്തുത പദ്ധതി പ്രദേശത്ത് സ്വതന്ത്രാവകാശം മാത്രം നൽകി തർക്കം തീർത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഇങ്ങനെ നൽകുന്നത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ&ബി) സ്മാർട്ട്സിറ്റി പദ്ധതിക്കുവേണ്ടി ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി മുൻ സർക്കാർ 99-2005-ൽ ധാരണാപത്രം ഒപ്പുവച്ചുവെങ്കിലും ഇത് സംബന്ധിച്ചുള്ള ഫ്രെയിംവർക്ക് എഗ്രിമെന്റ് ഈ സർക്കാരും TECOM FZ-LLC-യുമായി 13-5-2007-ലാണ് ഒപ്പു വച്ചത്.

(സി) 246 ഏക്കർ.

(ഡി-എഫ്) ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ തായറിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷനുമായി 2-2-2011-ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ തർക്കവിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട്. പ്രസ്തുത ചർച്ചയുടെ മിനിട്സ് അനുബന്ധമായി വച്ചിരിക്കുന്നു.*

(ജി) നോർക്ക വൈസ് ചെയർമാൻ ശ്രീ. എം. എ. യൂസഫലിയെ ടീകോമുമായി ചർച്ച നടത്തുവാൻ ചുമതലപ്പെടുത്തിയിരുന്നു.

(എച്ച്) വിശദാംശങ്ങൾ (ഡി), (ഇ) ആന്റ് (എഫ്) പിരിവുകൾക്കുള്ള മറുപടിയുടെ അനുബന്ധമായ ടീകോം പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ മിനിട്സിൽ കാണാവുന്നതാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, തർക്കപ്രശ്നം പരിഹരിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോഴുണ്ടാക്കിയിരിക്കുന്ന ധാരണയനുസരിച്ച് രേഖാമൂലമുണ്ടാക്കിയിരിക്കുന്ന ധാരണയ്ക്ക് പുറത്ത് എഫ്.എ.ആർ (ഫ്ലോർ ഏരിയ റേഷ്യോ) വർദ്ധിപ്പിച്ചു കൊടുക്കാനും അതുവഴി കൂടുതൽ സ്ക്വയർ ഫീറ്റിൽ കെട്ടിടം പണിയാനുമുള്ള എന്തെങ്കിലുമൊരു ധാരണ ഇപ്പോഴുണ്ടാക്കിയിരിക്കുന്ന ഈ കരാറിനുപുറത്ത് ഉണ്ടാക്കിയിട്ടുണ്ടോ; അതിനെക്കുറിച്ച് പറയുമോ?

*അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചതു പോലെയുള്ള കരാറൊന്നും ഉണ്ടാക്കിയിട്ടില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഈ കമ്പനിയുടെ സി.ഇ.ഒ. ശ്രീ. ഫരീദ് റഹ്മാനെ മാറ്റണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. കാരണം അതിനുമുമ്പ് അദ്ദേഹം സി.ഇ.ഒ. ശ്രീ. ഫരീദ് റഹ്മാനെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തിയിരുന്നു. ഞാനത് ആവർത്തിക്കുന്നില്ല. ഇവിടെ കേരളത്തിൽ വന്ന്.....

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ആ തരത്തിൽ മുഖ്യമന്ത്രി അദ്ദേഹത്തെ മാറ്റണമെന്ന് ആവശ്യപ്പെടുകയും ആ ആവശ്യം അവർ നിരാകരിക്കുകയും ചെയ്തതായി റിപ്പോർട്ടുണ്ട്. ഇതിന്റെ വസ്തുത എന്താണെന്ന് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതു സംബന്ധിച്ചെല്ലാംതന്നെ ഞങ്ങൾ പരസ്പരം ചർച്ച ചെയ്ത് ധാരണയിലെത്തിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ചോദ്യത്തിനുത്തരമായി പറഞ്ഞു.

ശ്രീ. പി. സി. ജോർജ്: സർ, ആകെ 246 ഏക്കർ ഭൂമിയാണെന്ന് അങ്ങ് പറയുകയുണ്ടായി. അതിൽ 100 ഏക്കറിന് സെസ്സ് കിട്ടും. കൂടാതെ 136 ഏക്കറിന് കൂടി സെസ്സ് കിട്ടും. അപ്പോൾ 236 ഏക്കറായി. 246 ഏക്കറിനാണ് എഗ്രിമെന്റ് എടുത്തിട്ടുള്ളത്. ബാക്കി 10 ഏക്കർ ഉണ്ട്. ഐ.ടി. പെസ്സ് കിട്ടണമെങ്കിൽ 25 ഏക്കർ വേണമെന്നുള്ളത് കേന്ദ്ര ഗവൺമെന്റ് നിയമമാണ്. അപ്പോൾ 10 ഏക്കർ സ്വതന്ത്ര അവകാശമാകുമോ? ആ 10 ഏക്കർ എങ്ങനെ കൈകാര്യം ചെയ്യാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട അംഗം ഇങ്ങനെ പിന്നിച്ചു പിരിച്ച് ചോദിച്ച് പ്രശ്നങ്ങളുണ്ടാക്കേണ്ട. 246 ഏക്കറിന്റെ അടിസ്ഥാനത്തിലാണ് ടീകോമുമായി ധാരണയിലെത്തിയിട്ടുള്ളത്. മറ്റു നിലയിലൊന്നും അതിനെ സംബന്ധിച്ച് വ്യാഖ്യാനിക്കുന്നത് ശരിയല്ല.

പ്രൊഫ. എൻ. ജയരാജ്: സർ, സ്മാർട്ട് സിറ്റിക്കുവേണ്ടി നീക്കിവച്ച 246 ഏക്കർ ഭൂമിയും പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെട്ടതാണോ; സ്പെഷ്യൽ എക്കണോമിക് സോണിനു പുറത്ത് എത്ര ഏക്കർ ഭൂമിയാണ് സ്മാർട്ട് സിറ്റിക്കുവേണ്ടി കൈമാറ്റം ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, സ്മാർട്ട് സിറ്റിക്കുവേണ്ടി 246 ഏക്കറും ഒന്നിച്ച് തരണം എന്നുള്ള ആവശ്യമാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ഉന്നയിച്ചിരിക്കുന്നത്.

ശ്രീ. എം. എം. മോനായി: സർ, സ്മാർട്ട് സിറ്റിയുടെ കുറേ ഭാഗങ്ങൾ കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. അത് യാഥാർത്ഥ്യമാക്കിയ അങ്ങയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. യു. ഡി. എഫ് -ന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ ഇൻഫോ പാർക്ക് 100 കോടി രൂപയ്ക്ക് വിൽക്കാൻ തീരുമാനിച്ചത് വേണ്ടെന്നുവച്ചുകൊണ്ട് ഒരു സ്മാർട്ട് സിറ്റിക്കുപകരം രണ്ട് സ്മാർട്ട് സിറ്റി എന്നുള്ള നിലയിൽ ഇൻഫോ പാർക്കിന്റെ വികസനം നടന്നു വരുകയാണ്. അതിന്റെ രണ്ടാംഘട്ടത്തിന് അങ്ങ് 20-ാം തീയതി കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്, പുത്തൻകുരിശ്, കുന്നത്തുനാട് പഞ്ചായത്തുകളിൽ 125 ഏക്കറിൽ തറക്കല്ലിടുകയാണ്. എത്ര പേർക്ക് പ്രത്യക്ഷമായി ജോലി ലഭിക്കുന്നതാണ് ഈ പദ്ധതി എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ആദ്യം 15000-വും പിന്നീട് മുക്കാൽ ലക്ഷത്തോളം ആളുകൾക്കും തൊഴിൽ കൊടുക്കാൻ കഴിയുന്നതാണ്.

ശ്രീ. കെ. ബാബു: സർ, ടീകോം ചുണ്ടിക്കാണിക്കുന്ന സ്ഥലത്ത് 12 ശതമാനം ഫ്രീഹോൾഡ് കൊടുക്കാം എന്നാണ് എഗ്രിമെന്റിലെ ഏറ്റവും ഒടുവിലത്തെ വ്യവസ്ഥ എന്ന് മനസ്സിലാക്കുന്നു. ടീകോം ചൂണ്ടിക്കാണിക്കുന്ന സ്ഥലം ഈ സെന്റിനകത്തായിരിക്കും എന്ന് ഉറപ്പ് തരാൻ സാധിക്കുമോ; ഇൻഫോ പാർക്ക് വിൽക്കാൻ തീരുമാനിച്ചു എന്ന് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇൻഫോ പാർക്ക് എന്ത് വ്യവസ്ഥയുടെ പേരിലാണ് കൊടുക്കാൻ തീരുമാനിച്ചത്; ഇൻഫോ പാർക്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന അത്രയും സ്ഥലം ഇപ്പോൾ ഇൻഫോ പാർക്കിന്റെ കൈവശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇൻഫോ പാർക്കിന്റെ കയ്യിൽ മുൻപത്തെക്കാൾ കൂടുതൽ സ്ഥലമുണ്ട്. 3500 പേർക്കാണ് മുൻപ് തൊഴിൽ ഉണ്ടായിരുന്നത്. ഇപ്പോൾ 13000 ആളുകൾക്ക് തൊഴിലുണ്ട്. അത് ഇംപ്രൂവ് ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ചന്ദ്രൻ: സർ, സർക്കാർ 92 കോടി രൂപ മുതൽ മുടക്കിയാണ് ഇൻഫോ പാർക്ക് രൂപപ്പെടുത്തിയത്. ആ ഇൻഫോ പാർക്കാണ് ദുബായ് കമ്പനിക്ക് 80 കോടി രൂപയ്ക്ക് വിൽക്കാൻ യു.ഡി.എഫ്. കരാർ ഉണ്ടാക്കിയത്. എന്നാൽ ഈ സ്ഥാപനത്തിന്റെ ബ്രാന്റിന്റെ വില ആയിരം കോടി രൂപ വരും. യു.ഡി.എഫ്. കാലത്തെ കരാർ ആയിരുന്നെങ്കിൽ ഇന്ന് 1,012 കോടി രൂപ ഇൻഫോ പാർക്കിൽ നഷ്ടമാകുമായിരുന്നു എന്ന് പറയുന്നത് ശരിയാണോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പഴയ കരാറുകൾ ഒന്നും തന്നെ നിലനിൽക്കാത്ത വിധത്തിലുള്ള കരാറാണ് ടീകോമുമായി നമ്മൾ ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ട് നഷ്ടത്തിന്റെ പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ഇൻഫോ പാർക്കിൽനിന്നും ഏതെങ്കിലും സ്വകാര്യ കമ്പനികൾക്ക് ഭൂമി വിട്ടു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കമ്പനികൾക്ക് എത്ര ഏക്കർ എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, എത്ര കമ്പനികൾക്ക് കൊടുത്തിട്ടുണ്ട്. അത് എത്രയാണ് എന്നുള്ളത് സംബന്ധിച്ച് പിന്നീട് അന്വേഷിച്ച് മറുപടി പറയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് കൊടുത്തിട്ടുണ്ടോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ടെക്നോപാർക്കിന്റേയും ഇൻഫോ പാർക്കിന്റേയും മറ്റും വളർച്ചയുടെയടിസ്ഥാനത്തിൽ ഒട്ടെറെ സ്വകാര്യ കമ്പനികൾ എല്ലാ സ്ഥലത്തും സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള താൽപ്പര്യവുമായി ഗവൺമെന്റിനെ സമീപിക്കുന്നുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: മൂന്ന് സ്വകാര്യ കമ്പനികൾക്ക് ഇൻഫോ പാർക്കിന്റെ 22 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റിക്കായി കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിയ കരാറിനേക്കാൾ വില കുറച്ച് കൊടുത്തു എന്ന് ഞാൻ പറഞ്ഞാൽ നിഷേധിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: നിഷേധിക്കുന്നു

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഐ.ടി മേഖലയിൽ ഒരാൾക്കുപോലും തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നശേഷം ഐ.ടി മേഖലയ്ക്ക് വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഐ.ടി മേഖലയിൽ എത്ര പാർക്കുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ എത്ര പേർക്കാണ് തൊഴിൽ കൊടുക്കാൻ സാധിക്കുന്നത്; ഇതിനകം എത്രപേർക്ക് തൊഴിൽ കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, മുൻപ് രണ്ട് പാർക്കുകളാണ് ഉണ്ടായിരുന്നത്. അതിപ്പോൾ 10 ആയി ഉയർന്നിട്ടുണ്ട്. രണ്ടുലക്ഷത്തിലധികം ആളുകൾ വിവിധ സ്ഥാപനങ്ങളിലായി പണിയെടുത്തുകൊണ്ടിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് കരാർ ഒപ്പിട്ടു. സന്തോഷമുണ്ട്. പക്ഷേ അവിടെ ഒരു പണിയും ആരംഭിച്ചിട്ടില്ല. വെള്ളം, റോഡ്, വൈദ്യുതി ഇതിനൊക്കെയുള്ള സംവിധാനങ്ങൾ എന്നത്തേയ്ക്ക് ഒരുക്കാൻ കഴിയും; അതിന്റെ പണി എന്നത്തേയ്ക്ക് ആരംഭിച്ച് തൊഴിൽ കൊടുക്കാൻ പറ്റുമെന്ന് അങ്ങേക്ക് പറയാൻ കഴിയുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, രണ്ടാഴ്ചയ്ക്കം തൊഴിൽ കൊടുക്കുക എന്നുള്ളതല്ല. അവിടെ കെട്ടിടം പണി ആരംഭിച്ച് ഏകദേശം പണിയാകുമ്പോഴാണ് പണി ചെയ്യുന്ന ആളുകളെ ആകർഷിക്കാൻ കഴിയുന്നത്. അതനുസരിച്ച് അവിടെ തൊഴിലും ലഭിക്കുന്നതാണ്.

അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

3 (*153) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. വി. ശശികുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കാര്യക്ഷമമായി നടത്തുന്നതിന് യുവജനക്ഷേമ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ:

9.30 AM]

ഉത്തരത്തിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഒരു തിരുത്തുണ്ട്. എന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഒരു തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്. എന്താണെന്നു ചോദിച്ചാൽ, ഇൻഫോ പാർക്കും സെക്നോപാർക്കുമെല്ലാം വന്നതിനുശേഷം സ്വകാര്യ സംരംഭകരായ ഒട്ടേറെ ആളുകൾ ഗവൺമെന്റിനെ സമീപിക്കുകയും സ്ഥലം കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞാൻ പറഞ്ഞുവെങ്കിലും പിന്നീട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിൽ ഈ ഇൻഫോ പാർക്കിൽ എത്രമാത്രം ആളുകൾക്ക് സ്ഥലം കൊടുത്തിട്ടുണ്ടെന്ന് സ്പെസിഫിക്കായി ചോദിച്ചപ്പോൾ ഇല്ല എന്ന് ഞാൻ പറഞ്ഞത് പിശകാണ്. ഡെവലപ്പേഴ്സ് ആയ ലീല സോഫ്ട്വെയർ, ബ്രിഗേഡ് ആന്റ് എൽ.എൻ.ജി എന്നിവർക്കും ഐ.ടി. പാർക്കിനായി വിപ്രോ, ടി.സി.എസ്., ഐ.ബി.എസ് എന്നിവർക്കും കൂടി അറുപത് ഏക്കറോളം ഭൂമി നൽകിയിട്ടുണ്ട്. ഇത് പൂർണ്ണമായി ഐ.ടി. ആവശ്യത്തിനായി ഉപയോഗിക്കും. ഇത് ഐ.ടി. രംഗത്ത് സ്വകാര്യ പങ്കാളിത്തത്തോടെ ഐ. ടി. വികസനത്തിനുള്ള സർക്കാർ നയത്തിന്റെ ഭാഗമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): നിങ്ങൾ പറഞ്ഞത് ഇൻഫോ പാർക്ക് യു. ഡി. എഫ്. വിറ്റു എന്നാണ്. നിങ്ങൾ പൊതുമേഖലയെ സംരക്ഷിക്കുമെന്ന് പറഞ്ഞു. യു.ഡി.എഫ് ഭരണകാലത്തു ചെയ്തതുപോലെ തന്നെ നിങ്ങൾ ഇപ്പോൾ സ്വകാര്യ കമ്പനികൾക്ക് കൊടുത്തു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതെല്ലാം ഒരു വ്യാഖ്യാനമായി കരുതാവുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: വ്യാഖ്യാനമല്ല, യാഥാർത്ഥ്യം.

II അടിയന്തരപ്രമേയം

സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം

മി. സ്പീക്കർ: സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് നിർദ്ദേശം നിലവിലിരിക്കേ അതിനു വിപരീതമായി നിയമനം ലഭിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ജോസഫ് എം. പുതുശ്ശേരി, കെ. ബാബു, സി. ടി. അഹമ്മദ് അലി, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

17-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 2 (*152) -ന്റെ ഉത്തരം ദയവായി കാണുക.

Minutes of the discussion held by the Chief Minister of Kerala on 2-2-2011 with the Deligation led by H.E. Ahmed Humaid Al Tayer, Member of Supreme Committee for Dubai World Group & Dubai Holding Group U.A.E.

The discussions were held at the Mascot Hotel Trivandrum. The discussions commenced at 12.30 PM and concluded at 1.30 PM.

The visiting Delegation consisted of the following Members:

1. H.E. Ahmed Humaid Al Tayer, Head of Delegation.
2. Mr. Abdul Latif Al Mulla, Group CEO- TECOM
3. Dr. Adnan Chilwan
4. Mr. Yusuff Ali. M.A.

The Chief Minister, Sri. V.S. Achuthanandan was assisted by a team comprising the following:

1. Sri. S. Sharma, Minister for Fisheries & Registration and Chairman, SMARTCITY, Kochi.
2. Dr. P. Prabhakaran, Chief Secretary to Government of Kerala.
3. Smt. Sheela Thomas, Principal Secretary to the Chief Minister.
4. Sri. K. Suresh Kumar, Secretary to Government, Information Technology Department.
5. Sri. K. Sasidharan Nair, Secretary to Government, Law Department.
6. Sri. Joseph C.Mathew
7. V.K. Sasidharan.

The Chief Secretary welcomed the visiting delegates and other participants. The Principal Secretary to the Chief Minister presented an outline of the Agenda. After discussions, the following decisions were taken:

1. Government of Kerala will transfer possession of 246 acres of land on leasehold rights to the SPV. Government of Kerala will take steps to get the Land transferred to SPV on lease within a week and will ensure that the registration of the land happens without any further delay within a week without charging any registration and stamp duty.

LIBRARY ARCHIVES Kerala Legislative Assembly

2. Upon completion of Master Plan and its approval, 12 percent of the 246 acres will be converted from leasehold to freehold rights.

3. TECOM will expedite the pending formalities of Masterplan preparation and present it in the Board of Directors of SPV within 30 days. Upon completion of the Masterplan and its approval, 12 percent of the 246 acres will be converted from leasehold to freehold rights.

4. TECOM will develop the entire 246 acres for which the SPV has now possession (216.5 acres of leasehold and 29.5 acres on Freehold) as an IT/ITES sector specific SEZ.

5. Gok gurantees to get the SEZ/(s) approval from the Board of Approval in Delhi and get it approved at the earliest for the entire 246 Acres.

6. There should not be anything which delays the project other than the go ahead from the SEZ Board.

7. Both the parties have also agreed to abide by the terms and conditions of the Framework Agreement dt.13-15-2007.

8. Both the parties have also agreed to abide by the SEZ rules of the Govt. of India which states that Freehold land within an SEZ is not sealeable.

9. The land convereted as Freehold as provided under Clause 5.4 of the Frame Work Agreement shall not be alienable.

LIBRARY ARCHIVES Kerala Legislative Assembly